⇨ *12000 ഏക്കർ സ്ഥലത്ത് വിളഞ്ഞത് ധാന്യവിളയായിരുന്നില്ല* ⇨

# ഈ കുട്ടികൾക്ക്, അമ്മമാർക്ക് എന്നാണ് നീതികിട്ടുക?

എൻഡോസൾഫാൻ ദുരിതബാധിതരായ കുട്ടികളുടെ അമ്മമാർ 2014 ജനുവരി 26ന് മുഖ്യമന്ത്രിയുടെ വസതിക്ക് മുന്നിൽ നടത്തിയ കഞ്ഞിവെപ്പു സമരത്തെ തുടർന്ന് ലഭിച്ച ഉറപ്പുകൾ പാലിക്കാത്ത സാഹചര്യത്തിൽ വീണ്ടും അവർ തിരുവനന്തപുരത്തേക്ക് എത്തുകയാണ്. 2016 ജനുവരി 26 മുതൽ ദുരിതബാധിതരായ കുട്ടികളെയും എടുത്തുകൊണ്ട് അമ്മമാർ സെക്രട്ടേറിയറ്റിന് മുന്നിൽ പട്ടിണി സമരം നടത്താൻ തീരുമാനിച്ചത് എന്തുകൊണ്ടെന്ന് വിശദീകരിക്കുന്നു

**അമ്പലത്തറ കുഞ്ഞികൃഷ്ണൻ**

എൻഡോസൾഫാൻ വിരുദ്ധ സംയുക്ത സമിതിയുടെ ആഭിമുഖ്യത്തിൽ 2016 ജനുവരി 18ന് തിരുവനന്തപുരത്ത് വച്ച് നടത്തിയ കൺവെൻഷനിൽ നടത്തിയ പ്രഭാഷണം.

**എൻഡോസൾഫാൻ** നിരോധനം ഏർപ്പെടുത്തിയതോടെ ഇനി പ്രശ്നങ്ങളൊന്നും അവശേഷിക്കുന്നില്ല എന്ന തരത്തിൽ എല്ലാവരും ഈ വിഷയം പതിയെ മറന്നുതുടങ്ങിയപ്പോഴാണ് കാസർഗോട്ടെ എൻഡോസൾഫാൻ ദുരിതബാധിതർ ചോദിച്ചത്, എൻഡോസൾഫാൻ പോകുന്നു, ഞങ്ങൾ എങ്ങോട്ടു പോകും എന്ന്. കേരളത്തിന്റെ വികസനത്തിന് വേണ്ടി രക്തസാക്ഷികളായ ഇവർ എങ്ങോട്ടു പോകണം? കാസർഗോഡിന്റെ 12,000 ഏക്കർ വരുന്ന ഭൂമിയിലാണ് വിദേശനാണ്യം വരുമെന്ന പേരിൽ കേരള ഭരണകൂടം കശുമാവിൻ തോപ്പുകളുണ്ടാക്കുന്നത്. കേരളത്തിന് മൂലധനം നേടുന്നതിന് വേണ്ടിയായിരുന്നില്ല അതെന്ന് ഇന്ന് എല്ലാവരും തിരിച്ചറിയുന്നുണ്ട്. അറുപതുകളിൽ കേരളം അനുഭവിച്ചുകൊണ്ടിരുന്ന പട്ടിണി മാറ്റാനായിരുന്നില്ല അത്. പട്ടിണി മാറ്റണമായിരുന്നെങ്കിൽ ധാന്യവിളകളായിരുന്നു ഉത്പാദിപ്പിക്കേണ്ടിയിരുന്നത്. എന്നാൽ കാസർഗോട്ടെ 12000 ഏക്കർ സ്ഥലത്ത് വിളഞ്ഞത് ധാന്യവിളയായിരുന്നില്ല. വിദേശപണത്തിന് വേണ്ടിയുള്ള നിക്ഷേപമാണിത് എന്നായിരുന്നു അന്ന് ഭരണകൂടം കശുമാവിൻ തോപ്പുകളെക്കുറിച്ച് പറഞ്ഞിരുന്നത്. കേരളത്തിന്റെ ഈ വികസനം കാസർഗോട്ടെ ജനതയ്ക്ക് നൽകിയത് ഇനിയും എത്രയോ പതിറ്റാണ്ടുകൾ പോലും നീണ്ടുനിന്നേക്കാവുന്ന ഒരു ദുരന്തമാണ്. ഞങ്ങൾ ഇനി എങ്ങോട്ട് പോകണം എന്ന് കാസർഗോട്ടെ ഇരകൾ ചോദിച്ചപ്പോൾ ആർക്കും അക്കാര്യത്തിൽ മറുപടിയുണ്ടായിരുന്നില്ല.

ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ഇടപെടലിനെ തുടർന്നായിരുന്നു കാസർഗോട്ടെ എൻഡോസൾഫാൻ ദുരന്തത്തെക്കുറിച്ച് ആദ്യം പഠനങ്ങൾ നടക്കുന്നതും എൻഡോസൾഫാനാണ് ദുരന്തത്തിന് കാരണമെന്ന ശാസ്ത്രീയ നിഗമനങ്ങളുണ്ടാകുന്നതും. 2010 ൽ വീണ്ടും കാസർഗോട്ടേക്ക് മനുഷ്യാവകാശ കമ്മീഷൻ എത്തി. അവർ ദുരന്തബാധിത പ്രദേശങ്ങൾ സന്ദർശിച്ച് രോഗികളെ കണ്ടു. തുടർന്ന് 2010 ഡിസംബർ 31 ന് കേന്ദ്ര മനുഷ്യാവകാശ കമ്മീഷൻ കേരള-കേന്ദ്ര സർക്കാറുകൾക്ക് ചില നിർദ്ദേശങ്ങൾ നൽകി. കേരള സർക്കാറിന് നൽകിയ നിർദ്ദേശ പ്രകാരം എൻഡോസൾഫാൻ ദുരിതം ബാധിച്ച് മരിച്ച കുടുംബങ്ങൾക്ക് 5 ലക്ഷം രൂപ കൊടുക്കണം. പൂർണ്ണമായും കിടപ്പിലായവർക്ക് 5 ലക്ഷം, പരസഹായമില്ലാതെ ചലിക്കാൻ പറ്റാത്തവർക്ക് 5 ലക്ഷം, മാനസിക വെല്ലുവിളി നേരിടുന്ന

വർക്ക് 5 ലക്ഷം വച്ച് കൊടുക്കണം. ബാക്കിയുള്ള രോഗബാധിതർക്ക് 3 ലക്ഷം കൊടുക്കണം. ഇത് അടിയന്തരമായി നൽകണം എന്നതുകൂടാതെ എൻഡോസൾഫാൻ അടിച്ച മേഖലകളിൽ (പാലക്കാട് മുതലമടയും മണ്ണാർക്കാടും ഉൾപ്പെടെ) പരിശോധന നടത്തി, സർവ്വെ നടത്തി രോഗബാധിതരായ ആളുകളെ കണ്ടെത്തി ചികിത്സയും സഹായങ്ങളും നൽകണമെന്ന് 2010ൽ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്തിരുന്നു. കാസർഗോട് ഉണ്ടായ ദുരന്തത്തിന്റെ പരിഹാരമായി അവിടെ എല്ലാവിധ ചികിത്സാ സൗകര്യങ്ങളും ഏർപ്പെടുത്തണമെന്ന്, അതായത് പ്രൈമറി ഹെൽത്ത് സെന്ററുകൾ കമ്മ്യൂണിറ്റി ഹെൽ



ത്ത് സെന്ററുകളാക്കി മാറ്റണമെന്നും ആവശ്യമുള്ള ഡോക്ടർമാരെ നിയമിക്കണമെന്നും പറയുന്നുണ്ട്. എട്ട് ആഴ്ചയ്ക്കുള്ളിൽ ഇക്കാര്യങ്ങൾ നിറവേറ്റണമെന്നും മനുഷ്യാവകാശ കമ്മീഷൻ അന്ന് പറഞ്ഞിരുന്നു.

2012 പകുതിയായിട്ടും ഒന്നും നടക്കാതെ വന്നപ്പോഴാണ് കാസർഗോട്ടെ ദുരിതബാധിതരായ അമ്മമാർ ജില്ലാ ഭരണകൂടത്തിന് മുന്നിൽ അനിശ്ചിതകാല സത്യാഗ്രഹ സമരം തുടങ്ങുന്നത്. 128 ദിവസം നീണ്ടുനിന്ന ആ സമരത്തിനിടയിൽ നമ്മുടെ മുഖ്യമന്ത്രി 4 തവണയെങ്കിലും ജില്ലയിലൂടെ കടന്നുപോയിട്ടും സമരവേദിയിലെ അമ്മമാരെ കണ്ട് ഒരു സാന്ത്വനവാക്കുപോലും പറയാൻ അദ്ദേഹം കൂട്ടാക്കിയില്ല. 2012 ജൂലായ് 21ന് കാസർഗോട്ടേക്ക് വീണ്ടും മുഖ്യമന്ത്രി വന്നു. കോൺകോർഡ് 12 എന്ന പേരിൽ എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടി നടന്നിരുന്ന പരിപാടി ഉദ്ഘാടനം ചെയ്യാനാണ് അദ്ദേഹം എത്തിയത്. അഞ്ഞൂറോളം വരുന്ന അമ്മമാർ അദ്ദേഹത്തെ സമരവേദിയിൽ കാത്തുനിന്നു. ഫോട്ടോഗ്രാഫർ മധുരാജ് 'മുഖ്യമന്ത്രിയുടെ കാറിന് എന്തൊരു സ്പീഡ്' എന്ന പേരിൽ ഇക്കാര്യം മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ലേഖനമായെഴുതിയിരുന്നു. എങ്കിലും മുഖ്യമന്ത്രി അവസാനം ചർച്ചയ്ക്ക് തയ്യാറായി. കാസർഗോഡ് നിന്നും 10 ദുരിതബാധിതരായ അമ്മമാർ മുഖ്യമന്ത്രിയുടെ ചേംബറിലെത്തി. പക്ഷെ മുഖ്യമന്ത്രി സംസാരത്തിനിടയിൽ എഴുന്നേറ്റുപോയി. ജീവിതം നഷ്ടപ്പെട്ട നമ്മുടെ അമ്മമാർ എന്തും വരട്ടെ എന്നുകരുതി മുഖ്യമന്ത്രിയുടെ ചേംബറിൽ കുത്തിയിരുന്നു. പോലീസ് അമ്മമാരെ അറസ്റ്റുചെയ്തുകൊണ്ടുപോയി. ഞങ്ങൾ ഉന്നയിക്കുന്ന ആവശ്യങ്ങൾ പരിഗണിക്കുമെന്ന് പിന്നീട് മുഖ്യമന്ത്രി ഉറപ്പുനൽകി. വിഷയം പഠിക്കുന്നതിനായി കാസർഗോഡേക്ക് നാല് മന്ത്രിമാർ വന്നു. അടിയന്തര ചികിത്സാ സഹായത്തിന്റെ ആദ്യ ഗഡു എന്ന നിലയിൽ 103 പേർക്ക് ഒന്നരലക്ഷം രൂപ വീതം കൊടുത്തു. 4182 പേർ ആ ഘട്ടത്തിൽ ദുരിതബാധിതരായി ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ടായിരുന്നു. 2453 പേർക്ക് 5 ലക്ഷം രൂപയും 1729 പേർക്ക് 3 ലക്ഷവും കൊടുക്കുമെന്ന് 2012 ജനുവരി 12 ലെ സർക്കാർ ഉത്തരവിൽ പറയുന്നുണ്ട്. എന്നാൽ 103 പേർക്ക് ഒന്നരലക്ഷം വീതം മാത്രമാണ് കൊടുത്തത്. 2013 ഫെബ്രുവരി 18ന് കാസർഗോട്ടെ പൊതുസമൂഹം ഈ സമരത്തെ ഏറ്റെടുക്കുകയും 36 ദിവസം നീണ്ടുനിന്ന ഒരു നിരാഹാര സമരം ഇവിടെ നടക്കുകയുമുണ്ടായി. 2013 മാർച്ച് 23ന് ഞങ്ങളെ ചർച്ചയ്ക്ക് വിളിച്ചു. അന്നും മുഖ്യമന്ത്രി പൂർണ്ണസമയം ചർച്ചയിൽ പങ്കെടുത്തില്ല. 2013 മാർച്ച് 25ന് വീണ്ടും ഒത്തുതീർപ്പുണ്ടായി. കാസർഗോട്ടെ മുഴുവൻ പ്രശ്നങ്ങൾക്കും പരിഹാരം കാണുമെന്ന് ഉറപ്പുനൽകി.

എൻഡോസൾഫാൻ ദുരന്തം കാരണമുണ്ടായ നഷ്ടത്തെക്കുറിച്ച് കണക്കാക്കുന്നതിന് വേണ്ടിയും ഈ രാസയുദ്ധത്തിന് പിന്നിലെ കുറ്റവാളികളെ കണ്ടെത്തി നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനും ആവശ്യമായ പ്രത്യേക സംവിധാനത്തോടുകൂടിയ ഒരു ട്രിബ്യൂണൽ ആവശ്യമാണെന്ന് ഞങ്ങൾ ചർച്ചയിൽ പറഞ്ഞിരുന്നു. തുടർന്ന് ട്രിബ്യൂണലി

ന്റെ സാധ്യതയെക്കുറിച്ച് പഠിക്കുന്നതിനായി കാസർഗോട്ടേക്ക് ഒരു നിയമജ്ഞൻ വന്നു, ജസ്റ്റിസ് രാമചന്ദ്രൻ നായർ. അദ്ദേഹത്തെ ഞങ്ങൾ വളരെ പ്രതീക്ഷയോടെയാണ് കണ്ടത്. എന്നാൽ അദ്ദേഹം കാസർഗോട്ടേക്ക് എത്തിയ ശേഷം ജനങ്ങളോട് ആദ്യം ചോദിച്ചത് 'എൻഡോസൾഫാൻ വിഷമാണെന്ന് അറിയുമായിരുന്നെങ്കിൽ തളിക്കുമ്പോൾ മാറി നിന്നുകൂടായിരുന്നോ' എന്നാണ്. ഞങ്ങൾ ഞെട്ടിപ്പോയി. നീതിക്കുവേണ്ടി കാത്തുനിന്ന ഇരകളോടായിരുന്നു അദ്ദേഹത്തിന്റെ ഈ ചോദ്യം. കാസർഗോഡിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകത നോക്കിയാൽ അവിടെ 13 ഓളം ചെറുതും വലുതുമായ നദികളുണ്ട്. ആ പുഴകൾക്ക് മുകളിലൂടെയാണ് ഈ കാളകൂടവിഷം കേരള പ്ലാന്റേഷൻ കോർപ്പറേഷൻ വിതച്ചത്. ആളുകൾ മാറിത്താമസിച്ചാൽ പോലും പരിഹരിക്കാൻ കഴിയുന്ന വിഷയമല്ല ഇത് എന്ന് അദ്ദേഹത്തിന് അറിയുമായിരുന്നില്ല. പ്ലാന്റേഷൻ കോർപ്പറേഷൻ ഭൂമിയുടെ രണ്ട് കിലോമീറ്റർ പരിസരത്തുള്ള രോഗികളെ മാത്രം ദുരന്തബാധിതരായി പരിഗണിച്ചാൽ മതി എന്നതാണ് പൊതുവെ ഉദ്യോഗസ്ഥർ ഇവിടെ പാലിക്കുന്ന ഒരു തത്വം. അതുതന്നെയാണ് ജസ്റ്റിസും പറഞ്ഞത്. ആകാശമാർഗ്ഗേനയാണ് ഈ വിഷം ഒരു മാനദണ്ഡവും പാലിക്കാതെ, ഭൂമിശാസ്ത്രപരമായ ഒരു പരിഗണനയുമില്ലാതെ തളിച്ചത്. ഈ പറയുന്ന രണ്ട് കിലോമീറ്റർ അപ്പുറത്തേക്കും ഈ വിഷം പോയിട്ടുണ്ട് എന്നത് ഉറപ്പാണ്. ചുരുങ്ങിയത് 50 കിലോമീറ്റർ ദൂരത്തേക്ക് വരെ ഇതിന്റെ പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്നാണ് ഇതേക്കുറിച്ച് പഠിച്ചവർ പറയുന്നത്. പ്ലാന്റേഷൻ കോർപ്പറേഷന്റെ തോട്ടങ്ങളുള്ള 11 പഞ്ചായത്തുകളിലെ രോഗികളെ മാത്രമാണ് ഇപ്പോൾ നഷ്ടപരിഹാരത്തിനായി ലിസ്റ്റ് ചെയ്തിരിക്കുന്നത്. എന്നാൽ 27 പഞ്ചായത്തുകളിലും 3 നഗരസഭകളിലും എൻഡോസൾഫാൻ ദുരിതബാധിതർ ഉള്ളതായി പഠനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. 2013ൽ നടന്ന രോഗബാധിതരെ കണ്ടെത്താനുള്ള മെഡിക്കൽ കാമ്പിൽ എത്തിയത് 5800 പേരാണ്. 12000 പേർ കാമ്പിൽ പങ്കെടുക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നു. അതിൽ പ്രാഥമിക സ്ക്രീനിംഗ് കഴിഞ്ഞതിന് ശേഷമാണ് 5800 പേരിലെത്തിയത്. തുടർന്ന് നടന്ന 5 മെഡിക്കൽ കാമ്പിലും ഞാൻ പങ്കെടുത്തിരുന്നു. 15 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളാണ് കാമ്പിൽ ഏറെയും എത്തിച്ചേർന്നത്. എന്നാൽ കേവലം 338 പേരെയാണ് അന്തിമമായി തെരഞ്ഞെടുത്ത്. അവർക്കും ചികിത്സ വേണ്ടവിധത്തിൽ ലഭിക്കുന്നില്ല. തഴയപ്പെട്ടവരുടെ സ്ഥിതി അതിലും ദയനീയം.

പ്ലാന്റേഷൻ കോർപ്പറേഷൻ ഭൂമിയുടെ രണ്ട് കിലോമീറ്റർ പരിസരത്തുള്ള രോഗികളെ മാത്രം ദുരന്തബാധിതരായി പരിഗണിച്ചാൽ മതി എന്നതാണ് പൊതുവെ ഉദ്യോഗസ്ഥർ ഇവിടെ പാലിക്കുന്ന ഒരു തത്വം. അതുതന്നെയാണ് ജസ്റ്റിസും പറഞ്ഞത്. ആകാശമാർഗ്ഗേനയാണ് ഈ വിഷം ഒരു മാനദണ്ഡവും പാലിക്കാതെ, ഭൂമിശാസ്ത്രപരമായ ഒരു പരിഗണനയുമില്ലാതെ തളിച്ചത്. ഈ പറയുന്ന രണ്ട് കിലോമീറ്റർ അപ്പുറത്തേക്കും ഈ വിഷം പോയിട്ടുണ്ട് എന്നത് ഉറപ്പാണ്.

2013ൽ തന്ന ഉറപ്പുകളെല്ലാം ലംഘിക്കപ്പെട്ടപ്പോഴാണ് 2014 ജനുവരി 26ന് മുഖ്യമന്ത്രിയുടെ വസതിക്ക് മുന്നിൽ ഞങ്ങൾ കുറച്ച് കുട്ടികളെയും കൊണ്ട് അനിശ്ചിതകാല കഞ്ഞിവയ്പ്പ് സമരത്തിനെത്തിയത്. ആ സമരത്തിന് കേരളീയ സമൂഹത്തിന്റെ വലിയ പിന്തുണയുണ്ടായിരുന്നു. 2014 ജനുവരി 28ന് സർക്കാർ ഒരു യോഗം വിളിച്ചു ചേർത്തു. മുഖ്യമന്ത്രി അതിലും പങ്കെടുത്തില്ല. മന്ത്രിമാരായ കെ.പി. മോഹനൻ, വി.എസ്. ശിവകുമാർ, എം.കെ. മുനീർ, പ്രതിപക്ഷ നേതാവ് വി.എസ്. അച്ചുതാനന്ദൻ, മുൻമന്ത്രി ബിനോയ് വിശ്വം എന്നിവരുണ്ടായിരുന്നു. ആ യോഗത്തിൽ വച്ചാണ് നിർണ്ണായകമായ ചില തീരുമാനങ്ങൾ വീണ്ടുമുണ്ടാകുന്നത്. അതിലൊന്ന് അതിർത്തികൾ പരിഗണിക്കാതെ (11 പഞ്ചായത്ത്, 2 കിലമീറ്റർ എന്നല്ലാതെ) മുഴുവൻ ദുരിതബാധിതർക്കും സഹായം നൽകും. ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത അടിയന്തര സഹായം ലഭ്യമാക്കും. ചികിത്സകൾക്ക് വേണ്ടി ബാങ്കുകളിൽ നിന്നും കടമെടുത്തവരുടെ കടബാദ്ധ്യതകൾ എഴുതിത്തള്ളും. ദുരിതബാധിതരെ കണ്ടെത്തുന്നതിന് വർഷത്തിൽ ഒരിക്കൽ എന്ന കണക്കിൽ പ്രത്യേക മെഡിക്കൽ കാമ്പുകൾ നടത്തും. ദുരിതബാധിതരുടെ കുട്ടികൾക്ക് വേണ്ടി അഞ്ച് വർഷമായി ബഡ്സ് സ്കൂളുകൾ കാസർഗോഡ് പ്രവർത്തിക്കുന്നുണ്ട്. ഇപ്പോഴും ഒരു അംഗൻവാടി കെട്ടിടത്തിന്റെ സൗകര്യം പോലുമില്ലാതെയാണ് ഈ സ്കൂളുകൾ പ്രവർത്തിക്കുന്നത്. അവിടെ പണിയെടുക്കുന്ന ആളുകളുടെ കൂലി എന്നത് ഇപ്പോഴും ഒരു ആയയ്ക്ക് 2600 രൂപയും ടീച്ചർമാരുടേത് 5600 രൂപയും

ആണ്. ഇത് വളരെ കുറവാണ്. മതിയായ ശമ്പളം അവർക്ക് കൊടുക്കേണ്ടതുണ്ട്. റെഗുലർ സ്കൂളുകളെപ്പോലെയല്ല ബഡ്സ് സ്കൂൾ എന്നത്. കുട്ടികൾക്ക് ഏറെ ശ്രദ്ധ കൊടുക്കേണ്ടിവരും. സ്വന്തമായി കെട്ടിടം വേണ്ടിവരും. എന്നാൽ ഇക്കാര്യങ്ങളൊന്നും സർക്കാർ പരിഗണിച്ചിട്ടേയില്ല.

കാസർഗോട്ട് ദുരന്തം വിതച്ച എൻഡോസൾഫാൻ ഇപ്പോഴും രണ്ട് ഗോഡൗണുകളിലായി കിടക്കുന്നുണ്ട് എന്നതാണ് മറ്റൊരു പ്രശ്നം. 1600 ലിറ്ററായിരുന്നു ആകെയുണ്ടായിരുന്നത്. സമരത്തിന്റെ ഫലമായി ഒരു ബാരലിൽ നിന്നും മറ്റൊരു ബാരലിലേക്ക് അത് മാറ്റിയതല്ലാതെ മൂന്ന് മാസത്തിനകം അത് നിർവീര്യമാക്കും എന്ന് പറഞ്ഞതല്ലാതെ ഇപ്പോഴും നടന്നിട്ടില്ല. സി.പി.എമ്മിന്റെ പി.ബി അംഗമായ പിണറായി വിജയൻ നെഞ്ചൻപറമ്പിൽ ഒരു സ്ഥലത്ത് പോയതായി പത്രത്തിൽ വാർത്തകണ്ടു. നെഞ്ചൻപറമ്പിൽ എൻഡോസൾഫാൻ ഒരു കിണറ്റിലിറക്കി മൂടിയിട്ടിട്ടുണ്ട്. അത് തിരിച്ചെടുക്കണം എന്നാവശ്യപ്പെട്ട് ഒരുപാട് പ്രക്ഷോഭങ്ങൾ കാസർഗോഡ് നടന്നിട്ടുണ്ട്. നെഞ്ചൻപറമ്പിന്റെ താഴ്‌വാരങ്ങളിലൊക്കെ പുതിയ കുട്ടികൾ ഇപ്പോഴും വൈകല്യങ്ങളോടെ ജനിച്ചുകൊണ്ടിരിക്കുകയാണ്. നെഞ്ചൻപറമ്പിലെ വിഷയം പരിശോധനയ്ക്ക് വിധേയമാക്കുമെന്ന് മൂന്ന് വർഷം മുമ്പ് പഞ്ഞതാണ്. എന്നാൽ അതും ഇതുവരെ നടന്നിട്ടില്ല.

പുനരധിവാസത്തിന്റെ പ്രശ്നമാണ് ഇപ്പോഴും പരിഗണിക്കപ്പെട്ടിട്ടില്ലാത്ത മറ്റൊരു കാര്യം. എൻഡോസൾഫാൻ ദുരിതബാധിതരായ കുട്ടികളുടെ അമ്മമാർ കേരള സമൂഹത്തോട് ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. “ഞങ്ങൾ മരിച്ചാൽ ഞങ്ങളുടെ മക്കൾ എന്തുചെയ്യും”. ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്താനുള്ള ശ്രമം 2014 ജനുവരി 28ന് നടന്ന ചർച്ചയിൽ ഞങ്ങൾ നടത്തിയിരുന്നു. ശീലാബതി എന്ന പേരിൽ എൻമഗജെയിലെ ഒരു കൊച്ചു വീട്ടിൽ കഴിയുന്ന സ്ത്രീയുണ്ട്. ഇപ്പോൾ 40 വയസ്സിൽ അധികം പ്രായം വരും. 30 വർഷക്കാലമായി അവർ ഒരേ കിടപ്പിലാണ്. സംസാരിക്കാൻ കഴിയും. എന്നാൽ കൈയും കാലും അനക്കാൻ കഴിയില്ല. അവർക്ക് അമ്മ മാത്രമാണുള്ളത്. ആ വീട്ടിൽ അരി വേവണമെങ്കിൽ പ്രായമായ ആ അമ്മ ജോലിക്ക് പോകണം എന്നതാണ് സ്ഥിതി. ശീലാബതിയെ ഒറ്റയ്ക്കാക്കിയിട്ട് അമ്മ ജോലിക്ക് പോകും. ഞങ്ങൾ അവിടെയെത്തിയപ്പോൾ കണ്ട കാഴ്ച ഒറ്റയ്ക്കുള്ള ശീലാബതിയുടെ തലയുടെ അടുത്ത് ഒരു കത്തി വച്ചിരിക്കുന്നത്. കത്തി തലയ്ക്ക് അടുക്കൽ വച്ചിരുന്നാൽ പ്രേത-പിശാചുക്കളൊന്നും വരില്ല എന്ന് അവിടെ ഒരു വിശ്വാസമുണ്ട്. അതുപോലെ തൊട്ടടുത്ത് ഒരു പൂച്ചക്കുഞ്ഞിനെ കയറിൽ കെട്ടിയിടും. അമ്മ ജോലിക്ക് പോകുമ്പോൾ മകൾക്ക് കാവലിരിക്കുന്നത് ഈ പൂച്ചക്കുട്ടിയാണ്. ഈ അമ്മ മരിച്ചുകഴിഞ്ഞു കഴിഞ്ഞാൽ ശീലാബതിയെ ആരാണ് നോക്കുക? മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും മുഖത്ത് നോക്കി കാസർഗോഡെ അമ്മമാർ ഇക്കാര്യം ചോദിച്ചപ്പോൾ അവർ നിശബ്ദരായി ഇരിക്കുക മാത്രമാണ് ചെയ്തത്.

കേരളത്തിലെ എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജുണ്ട്. എന്നാൽ ഇത്രയും രോഗികളുള്ള കാസർഗോഡ് ജില്ലയിൽ ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കാൻ പോലും സർക്കാറിന് കഴിഞ്ഞിട്ടില്ല. 2013 ൽ മെഡിക്കൽ കോളേജിന് വേണ്ടി ഇട്ട തറക്കല്ല് അവിടെ ഇപ്പോൾ അന്ത്യവിശ്രമം കൊള്ളുകയാണ്. ന്യൂറോളജിസ്റ്റുകളുടെ സേവനമാണ് എൻഡോസൾഫാൻ ദുരിതബാധിതർക്ക് കൂടുതലായി വേണ്ടിവരുന്നത്. പക്ഷെ ഒരു ന്യൂറോളജിസ്റ്റ് പോലുമില്ലാത്ത ജില്ലയാണ് കാസർഗോഡ്. 17 ആശുപത്രികളിൽ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ചികിത്സാ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട് എന്നതാണ് സർക്കാർ ഭാഷ്യം. നിങ്ങൾ അവിടെ വന്ന് അന്വേഷിച്ചു നോക്കൂ. ഈ പറയുന്നതെല്ലാം അയഥാർത്ഥ്യങ്ങളാണ്.

നമുക്ക് കിട്ടിയ ഉത്തരവുകളിൽ ചില നീക്കങ്ങൾ തുടങ്ങിവച്ചു എന്നതിനപ്പുറം ഒന്നും നടന്നിട്ടില്ല. 2011 ഫെബ്രുവരിയോടെ തീർക്കേണ്ട കാര്യങ്ങൾ 2016 ആരംഭിച്ചിട്ടും നടപ്പാക്കാനുള്ള ആർജ്ജവം നമ്മുടെ ജനാധിപത്യ ഭരണകൂടം കാണിക്കുന്നില്ല. അതുകൊണ്ടാണ് വീണ്ടും കുട്ടികളെ എടുത്തുകൊണ്ട് ഞങ്ങൾ തിരുവനന്തപുരത്തേക്ക് വരേണ്ടിവരുന്നത്. ഉറപ്പുകൾ കിട്ടിയാൽ സമരം പിൻവലിക്കുക എന്നത് ജനാധിപത്യ മര്യാദയാണ് എന്നതുകൊണ്ടാണ് ഇതിന് മുമ്പ് ഞങ്ങൾ മടങ്ങിപ്പോയിട്ടുള്ളത്. എന്നാൽ അന്ന് ഞങ്ങൾ പറഞ്ഞ ഒരു വാക്കുണ്ടായിരുന്നു; ‘ഇനി ഞങ്ങൾ തിരിച്ചുവരാൻ പോകുന്നത് ചാവേറുകളായിട്ടായിരിക്കും’. അതെ, ഈ വരവ് അന്തിമ സമരത്തിനായുള്ള വരവാണ്. അതുകൊണ്ടാണ് ദുരിതം പേറുന്ന വളരെ ബുദ്ധിമുട്ടുള്ള കുട്ടികളേയും കൊണ്ട് കാസർഗോഡ് നിന്നും തിരുവനന്തപുരത്തേക്ക് ഞങ്ങൾ യാത്ര തിരിക്കുന്നത്. ■